


# GVHSS NELLIKUTH




## DIGITAL MAGAZINE 2023 - 2024



# ഉള്ളടക്കം


സിപ്പപ്പ്
കളർ പെൻസിൽ
അമ്മ
ഐസ്ക്രീം
ഉപ്പൂപ്പ -ഓർമ്മക്കുറിപ്പ്
ലഹരി
എന്റെ വിദ്യാലയം
ഭൂമി
ഏകാന്തത
ആ കണ്ണുകളിനി തുറക്കില്ല
ഉയരമുള്ള ക്രൂട്




മെലിഞ്ഞവളാണ്
നിറയെ വർണ്ണങ്ങൾ
മധുമോഹത്താൽ
ശുഷ്കമായിപ്പോയി

കൊതിയോടെ നോക്കി
ചിരിച്ച ബാല്യത്തിൻ
അധരം ചുംബിച്ച്
മധുരം നിറച്ചു

മധുഊറ്റി  കൊതിയകറ്റി
വാടിതളർന്നു
നിർദ്ദയം ചവറിലെ
ജഡമായ് മാറി

ഇനിയെത്ര നാളുകൾ
ഒറ്റപെടുമെന്ന്
ശോകാർദ്ര ചിത്തമായ്
ചിന്തിച്ചിരിക്കവേ

കിളി മൊഴികൾ  തീർത്ത്
പലതായ് പാഞ്ഞെത്തി
പതിവായ് തിരഞ്ഞവർ
പലവിദ്യ കാട്ടുവാൻ

*-അഭിലാഷ് വി.പി*

# കളർ പെൻസിൽ

അച്ഛൻ പുറത്തേക്കിറങ്ങുകയാണെന്ന് മനസ്സിലാക്കിയ ദേവൂട്ടി പഠനമുറിയിൽ നിന്നും അച്ഛനോടായി വിളിച്ചുപറഞ്ഞു"അച്ഛാ വരുമ്പോ എനിക്ക് ഒരു കളർ പെൻസിൽ കൊണ്ടുവരണേ"

അയാൾ വയൽ വരമ്പിലൂടെ നടന്നു കടയിൽ എത്തിയപ്പോൾ അവിടെ നല്ല തിരക്കായിരുന്നു. തിരക്കൊഴിയാൻ അയാൾ കാത്തിരുന്നു. ആരോടും അധികം ഒന്നും സംസാരിക്കാതെ പരിചയക്കാരോടെല്ലാം ഒരു പുഞ്ചിരി തൂകി അയാൾ ക്ഷമയോടെ കാത്തിരുന്നു.

"ദിവാകര എന്താ വേണ്ടത്" എന്ന സുലൈമാനിക്കയുടെ ചോദ്യം കേട്ടപ്പോഴാണ് അയാൾ ചിന്തയിൽ നിന്ന് ഉണർന്നത്. അയാൾ ഭാര്യ കൊടുത്ത ലിസ്റ്റ് ഒന്നുകൂടി നോക്കി, ഓരോന്നായി പറഞ്ഞു, ഇന്നും ഒരുപാട് ഉണ്ടല്ലോ എന്ന് മനസ്സിൽ കരുതി മകൾ പറഞ്ഞ കളർ പെൻസിൽ അയാൾ മറന്നില്ല. സാധനങ്ങൾ ഓരോന്നായി പെറുക്കി സഞ്ചിയിലിടുമ്പോൾ "പണി എന്തെങ്കിലും ശരിയായോ ദിവാകരാ"എന്ന സുലൈമാനിക്കയുടെ ചോദ്യം.

"ഒന്നുമായില്ല" എന്ന് ദിവാകരൻ വിഷമത്തോടെ അറിയിച്ചു.

"ഇപ്പോൾ തരാൻ ഒരുപാട് ആയിട്ടുണ്ട് ട്ടോ"എന്ന സുലൈമാനിക്കയുടെ ഓർമ്മപ്പെടുത്തൽ

"എല്ലാം വൈകാതെ തരാം "എന്ന് മാത്രം പറഞ്ഞ് ദിവാകരൻ കടയിൽ നിന്നിറങ്ങി വീട്ടിലേക്ക് നടന്നു.

"കഷ്ടമാനിപ്പോൾദിവാകരന്റെ കാര്യം എങ്ങനെ കഴിഞ്ഞിരുന്നയാളാ എല്ലാം ആ സേട്ട് പറ്റിച്ചതാ

ഒരു ചിട്ടിപ്പിരിവുകാരനായിരുന്നു ദിവാകരൻ. എല്ലാവരിൽ നിന്നും ചിട്ടി ക്കാശ് പിരിച്ചെടുത്ത് സേട്ടിനെ ഏൽപ്പിക്കും. അങ്ങനെ ജീവിതംകരുപ്പിടിപ്പിച്ചു പോകുന്നതിനിടയ്ക്ക് ആ സേട്ട് എല്ലാവരുടെ കാശുമായി നാട് വിട്ടു. ഒരുപാട് പാവങ്ങളുടെ കാശ് നഷ്ടമായി. ദിവാകരൻ തന്നാലാവും വിധം അവരെ സഹായിച്ചു.

പിന്നെ കൂലിപ്പണി ചെയ്താണ് കഴിഞ്ഞിരുന്നത് ഇപ്പോൾ അതിനും വയ്യാതെയായി.
"അച്ഛൻ പോയിട്ട് കുറെ സമയം ആയല്ലോ അമ്മേ "എന്താ വരാത്തത് ദേവൂട്ടി വേവലാതിപ്പെട്ടു."കളർ പെൻസിൽ കിട്ടിയിട്ട് വേണം എനിക്ക് കളർ കൊടുക്കാൻ"
"ഇപ്പോ വരുന്നുണ്ടാകും മോളെ കടയിൽ തിരക്ക് കാണും അതായിരിക്കും വൈകുന്നത്"
  സമയം ഒരുപാട് കഴിഞ്ഞിട്ടും ദിവാകരനെ കാണുന്നില്ല ദേവൂട്ടിയും അമ്മയും പരിഭ്രമിച്ചു.
      പാടവരമ്പിൽ ദിവാകരൻ ചലനമറ്റു കിടക്കുന്നു കണ്ടതും അമ്മ ബോധരഹിതയായി.
   "ഹൃദയസ്തംഭനം ആകും ഒന്ന് കഴിഞ്ഞ് ഇപ്പോൾ ഓപ്പറേഷൻ കഴിഞ്ഞ് ഒരു മാസം അല്ലേ ആയുള്ളൂ" കൂടി നിന്നവർ പരസ്പരം പറഞ്ഞു.
   ദേവൂട്ടി ബോധരഹിതയായി കിടക്കുന്ന തൻ്റെ അമ്മയെയും ചലനമറ്റു കിടക്കുന്ന തൻ്റെ അച്ഛനെയും കെട്ടിപ്പിടിച്ചുഎന്തുചെയ്യണമെന്നറിയാതെ നിന്നു.
  മകൾ പറഞ്ഞ കളർ പെൻസിലും തന്റെ പൊന്നോമന മകൾക്കായി വാങ്ങിയ കടല മിഠായി പൊതിയും സാധനങ്ങളുടെ സഞ്ചിയും അടുത്ത് കിടക്കുന്നു.
  നിസ്സഹായയായ ആ അമ്മയും മോളും ഇനി എന്തെന്നറിയാതെ ചേതനയേറ്റ ആ ശരീരത്തെ കെട്ടിപ്പിടിച്ച് കരഞ്ഞു അവരുടെ തേങ്ങൽ കൂടി നിന്നവരുടെ കണ്ണുകളെയും ഈറനണിയിച്ചു.

*- അദിരൂപ്*

# അമ്മ

നീലാകാശത്തിൽ താരകങ്ങളെ പോലെ,
എന്റെ ഹൃദയത്തിൽ നീ നിറഞ്ഞു നിൽക്കുന്നു.
നിന്റെ സ്നേഹം ഒരു സൂര്യപ്രകാശം പോലെ,
എന്റെ ജീവിതത്തെ പ്രകാശിപ്പിക്കുന്നു.

നിന്റെ കരുതൽ ഒരു തണൽ പോലെ,
എന്നെ എപ്പോഴും സംരക്ഷിക്കുന്നു.
നിന്റെ വാക്കുകൾ ഒരു ഗാനം പോലെ,
എന്റെ ഹൃദയത്തിൽ മധുരം നിറയ്ക്കുന്നു.

നീ എന്റെ ജീവിതത്തിന്റെ നാഥയാണ്,
എന്റെ സന്തോഷത്തിന്റെ ഉറവിടം നീയാണ്.
നിനക്ക് ഞാൻ എന്നും കടപ്പെട്ടിരിക്കുന്നു,
എന്റെ പ്രിയപ്പെട്ട അമ്മേ.

നിന്റെ കണ്ണുകളിൽ ഞാൻ ദൈവത്തെ കാണുന്നു,
നിന്റെ മടിയിൽ ഞാൻ സ്വർഗ്ഗം കണ്ടെത്തുന്നു.
നിന്റെ സ്നേഹം ഒരു പുണ്യജലം പോലെ,
എന്റെ ആത്മാവിനെ ശുദ്ധീകരിക്കുന്നു.

നീ എന്റെ ഏറ്റവും നല്ല സുഹൃത്താണ്,
എന്റെ രഹസ്യങ്ങൾ എല്ലാം നിനക്ക് ഞാൻ പറയും.
നിന്റെ മുൻപിൽ ഞാൻ എപ്പോഴും ഒരു കുട്ടിയാണ്,
നിന്റെ സ്നേഹത്തിൽ ഞാൻ സുരക്ഷിതനാണ്.

നിന്റെ ജീവിതം ഒരു ത്യാഗത്തിന്റെ കഥയാണ്,
എന്റെ വേണ്ടി നീ എല്ലാം സഹിച്ചു.
നിന്റെ സ്നേഹത്തിന് ഞാൻ എങ്ങനെ നന്ദി പറയും,
എന്റെ പ്രിയപ്പെട്ട അമ്മേ.

- ഫഹ്മ

# ഐസ്ക്രീം

വെള്ളാരം പുതച്ച മഴവില്ല്,
രുചിയിൽ ഋതുക്കളെ വിളിച്ചുണർത്തും,
കുളിർമയിൽ മനസ്സിനെ തഴുകുന്ന,
ഐസ്ക്രീം, ഓർമ്മകളിൽ പൂത്തുലഞ്ഞു നിൽക്കും.

ചെറുപ്പത്തിന്റെ ഓർമ്മകളിൽ,
വേനൽച്ചൂടിൽ നനഞ്ഞുണങ്ങിയ നാവിൽ,
അതിശയകരമായ രുചി സമ്മാനിച്ച,
ഐസ്ക്രീം, ഓരോ ക്ഷണത്തിലും സന്തോഷം.

സ്നേഹത്തിന്റെ ഭാഷയിൽ,
പ്രണയത്തിന്റെ നിറങ്ങളിൽ,
സമ്മാനമായി നൽകിയ ഐസ്ക്രീം,
ഹൃദയത്തിൽ തെളിഞ്ഞു നിൽക്കും.

വിവിധ രുചികളിൽ,
ഓരോ നിമിഷത്തിനും യോജിച്ച,
ഐസ്ക്രീം, ജീവിതത്തിന്റെ രുചി.

ചൂടേറിയ ദിനങ്ങളിൽ,
തണുപ്പിന്റെ ലോകത്തേക്ക്
നമ്മെ കൊണ്ടുപോകുന്ന,
ഐസ്ക്രീം, ഓർമ്മകളിൽ നിറഞ്ഞു നിൽക്കും

*haroon rasheed*

# ഉപ്പൂപ്പ -ഓർമ്മകുറിപ്പ്

2022 മാർച്ച് മാസം 8-ാം തീയതി.

തലേന്ന് രാത്രി തന്നെ നെഞ്ച് വെന്തൊലിക്കുന്ന വേദനയെ കൂടെ കൂട്ടിയാർന്നു ഞാൻ കിടക്കയിലേക്ക് വീണത്.ഞാൻ എന്റെ ജീവനെക്കാൾ ഏറെ സ്നേഹിക്കുന്ന ന്റെ ഉപ്പൂപ്പാക്ക് തീരെ സുഖല്ല. ഹോസ്പിറ്റലിൽ ആണ്. ഒന്നും സംഭവിക്കരുതേ, ഒന്നും സംഭവിക്കരുതേ എന്ന് ഒരായിരം പ്രാവശ്യം പ്രാർത്ഥിച്ചിട്ടാണ് ഞാൻ അന്ന് കണ്ണടച്ചത്.ഞാനൊരു ഉപ്പൂപ്പ കുട്ടിയാ..ഉമ്മാനേം, ഉപ്പാനേം പോലും ഞാൻ അത്ര മാത്രം സ്നേഹിച്ചിട്ടില്ല. ഉപ്പൂപ്പാക്ക് അൻഷീന്ന് പറഞ്ഞാ പിന്നെ വേറെ വർത്താനല്ല. ഞങ്ങൾക്ക് രണ്ടു പേർക്കും തന്നെ ആയിരുന്നു life. ജ്വോളി അടിച്ച് കണ്ട food streets ലും textiles ഇലും എല്ലാടത്തും ഞങ്ങൾ രണ്ടു പേരും ഉണ്ടാവും.. നാട്ടിൽ മൊത്തം ഹംസ മാഷും, പേരക്കുട്ടിയും ന്ന് പറഞ്ഞാ ആൾക്കാരുടെ മുഖത്തൊക്കെ ഒരു പുഞ്ചിരി വിടരുവാർന്നു. ഞങ്ങൾ എല്ലാടത്തും famous ആ..!! ഉപ്പൂപ്പാടെ വിശ്വസ്തയായ PA ആയിട്ടാ എല്ലാർക്കും മുമ്പിൽ ഉപ്പൂപ്പ എന്നെ അവതരിപ്പിച്ചിരുന്നത്. ഞാൻ സ്കൂൾ വിട്ട് വരാൻ കാത്ത് നിൽക്കാവും മൂപ്പര്..

"അൻഷിമോ..വണ്ടീൽ കയറ്..! അവിടെ ഒരു പുതിയ Dress ന്റെ കട തുറന്നിട്ടുണ്ട്. നമ്മൾക്കെയ് ഒന്ന് പോയി നോക്കാം..(ഉപ്പൂപ്പ)

"അള്ളോയ്..പൊന്നാര പപ്പ ഒരു കൊല്ലത്തേക്കുള്ള dress നമ്മൾ ഈ ആഴ്ച തന്നെ വാങ്ങി കഴിഞ്ഞു. ഇനി വേണ്ട..അലമാരയിൽ വെക്കാൻ സ്ഥലല്ല!!

"ഏഹ്..അലമാരയിൽ സ്ഥലല്ലാന്നോ..ന്നാ നടക്ക് നമ്മക്ക് പോയി പുതിയ അലമാര വാങ്ങി കൊണ്ട് വരാം.(ഉപ്പൂപ്പ)

"പപ്പാ..

അതെ, ഉപ്പപ്പ ഇങ്ങനെ ആയിരുന്നു. തന്റെ പണം മറ്റുള്ളവർക്കായി ചെലവഴിച്ച് അവരുടെ സന്തോഷത്തിലൂടെ

ഉപ്പപ്പ സന്തോഷം കണ്ടെത്തും.ഞനിയിട്ട് അത്രയും കാലം ന്റെ ഉപ്പ എനിക്ക് വേണ്ടി പണം ചെലവഴിച്ചതേ നിക്ക് ഓർമ്മല്ല.കാരണം, അതിന്റെ ആവശ്യല്ലായിരുന്നു. ന്റെ എല്ലാ കാര്യങ്ങളും ഉപ്പപ്പ ആയിരുന്നു നോക്കിയിരുന്നത്. സ്നേഹമല്ലാതെ മറ്റൊരു സാധനം പോലും ഞാൻ ഉപ്പൂപ്പാനോട് ജീവിതത്തിൽ ആവശ്യപ്പെട്ടിട്ടില്ല. ഉപ്പൂപ്പ ന്നെ ബലമായി പിടിച്ച് വലിച്ച് കൊണ്ടു പോവാറായിരുന്നു പതിവ്. trend എന്താന്ന് ഉപ്പാക്ക് അറിയാർന്നു. ചുരുക്കി പറഞ്ഞാ ന്റെ Guardian ആയിരുന്നു ആ മനുഷ്യൻ..! അയാൾടെ ചിരി കാണാൻ എന്ത് രസാന്ന് അറിയോ..! ഉപ്പൂപ്പാക്ക് എവിടെ പോണേലും ഈ അൻഷിമു തന്നെ വേണം. ഞാൻ ഇല്ലാതെ എവിടേം പോവൂല.. ഉപ്പൂപ്പാക്ക് ഞാൻ, ഇൻക്ക് ഉപ്പൂപ്പ.. ഞങ്ങൾക്കെന്നെ life. മറ്റൊന്നിനെ കുറിച്ചും ചിന്തിക്കണ്ട ആവശ്യം പോലും ഞങ്ങൾക്കില്ലായിരുന്നു. ഞങ്ങളുടെ ലോകത്ത് ഞങ്ങൾ അത്രമാത്രം സന്തുഷ്ടരായിരുന്നു.
വീട്ടിൽ ഉപ്പൂപ്പാന്റെ വാക്കാണ് അവസാന വാക്ക്.
"ന്റെ അൻഷിന്റെ കണ്ണിൽ നിന്ന് ഒരു പൊടി കണ്ണീർ ഇവിടെ വീഴാൻ പാടില്ല.. അത് ഞാൻ മരിക്കോളം അല്ല, മരിച്ചാലും..!!"
ഉപ്പൂപ്പാന്റെ ശബ്ദം ന്റെ വീട്ടിൽ ഉയർന്നു. ചെറിയ ഒരു കാരണത്തിന് പോലും ന്റെ കണ്ണുകളിൽ ഈറനണയുന്നത് ഉപ്പപ്പാക്ക് ഇഷ്ടല്ലായിരുന്നു. അതിന് കാരണക്കാരാവാൻ ഉപ്പപ്പ ആരേം സമ്മതിച്ചിരുന്നില്ല. സ്നേഹം കൊണ്ട് ആ മനുഷ്യനെന്നെ പൊതിഞ്ഞു. നാട്ടിലും, വീട്ടിലും ഉള്ളവരുടെ സന്തോഷത്തിന് കാരണമാകുന്ന ആ മനുഷ്യ മാലാഖയിൽ ഞാൻ അടിമപെട്ടു. ഞങ്ങൾ ജീവനെക്കാൾ ഏറെ പരസ്പരം സ്നേഹിച്ചു. അതെ, സ്വർഗ തുല്യമായ ജീവിതം..
വേറെ ഒന്നുണ്ട്..! ഉപ്പപ്പാക്ക് വേറെ ആരൊക്കെ ന്റെ വീട്ടിൽ നിന്ന് വിരുന്നിന് പോയാലും ഞാൻ പോണത് ഇഷ്ടല്ല.. ന്നെ പോവാൻ സമ്മതിക്കൂല..!
"ഇയ്യ് ഈ വീട്ടീന്ന് പോയാൽ അപ്പൊ ഞാൻ ചാപ്പനങ്ങാടിയിൽ പോവും..(അമ്മായിയുടെ വീടാ..! ന്നെ വീഴ്ത്തണേൽ ആ ഒരൊറ്റ സ്ഥലത്തിന്റെ പേര് പറഞ്ഞാ മതി എന്ന് മൂപ്പർക്ക് അറിയാ..)
"ഏഹ്..പറ്റൂല..ഞാൻ പോണില്ല വിരുന്നിന്.."

"ആഹ്..അതാണ് ന്റെ അൻഷിമ്മ.."(ഉപ്പൂപ്പ)
അല്ലേലും ഉപ്പൂപ്പാനെ വിട്ട് വിരുന്നിന് പോണത് നിക്കും ഇഷ്ടല്ലാർന്നു.. പിന്നെ ഉമ്മ സെന്റി അടിച്ചിട്ടാ..😆.അതെ! അയാൾ എന്നിലും, ഞാൻ അയാളിലും അടിമപെട്ടു പോയിരുന്നു. ആ മനുഷ്യനെ കുറിച്ച് പറയാൻ ആണേൽ ഒരുപാടുണ്ട്. അതിന് 100 കടലാസുകൾ എടുത്താലും തികഞ്ഞെന്ന് വരില്ല. പക്ഷെ, ഒന്ന് പറയാം..! എനിക്ക് അയാൾ ഇല്ലാതെ പറ്റത്തില്ല, ന്നെ സ്നേഹം കൊണ്ട് വാരി പൊതിഞ്ഞ ആ കാവൽമാലാഖയിൽ ഞാൻ അടിമപ്പെട്ടു പോയിരുന്നു. ന്റെ വിജയത്തിലേക്കുള്ള യാത്രയിൽ ഇരുട്ടിൽ അയാൾ എനിക്ക് വെട്ടമായി നിന്നു. അന്റെ ഉപ്പൂപ്പാനെ കുറച്ച് ദിവസത്തിന് വാടകക്ക് തരോ എന്ന് വരേ ന്നോട് ന്റെ friends ചോദിക്കായിരുന്നു. സത്യം പറയട്ടേ..അയാൾ ഒരു ജിന്നായിരുന്നു. മനുഷ്യന്റെ മുഖം മൂടി അണിഞ്ഞ് മറ്റുള്ളവരുടെ ഹൃദയങ്ങളെ അയാളിൽ അടിമപെടുത്തുന്ന ജിന്ന്..!! മനോഹരമായ ദിവസങ്ങൾ കടന്നു പോയി.വാർദ്ധക്യത്തിന്റെ സൂചനകൾ അയാളിലും കണ്ടു തുടങ്ങി. ചെറിയ ചെറിയ അസുഖങ്ങൾ വന്നു തുടങ്ങി.. എങ്കിലും ഉപ്പൂപ്പാന്റെ മനക്കട്ടി അപാരമായിരുന്നു ട്ടോ..! ആദ്യമൊക്കെ ഹോസ്പ്പിറ്റലും ഞങ്ങൾക്കൊരു റിസോട്ടായിരുന്നു..Dr ടെ കണ്ണു വെട്ടിച്ച് പല കള്ള കളികളും ഞങ്ങൾ കളിച്ചു. അങ്ങനെ പറയാൻ പറ്റില്ല, എനിക്ക് വേണ്ടി ഉപ്പപ്പ കളിച്ചു. ന്റെ സന്തോഷങ്ങൾ ഇല്ലാതാക്കാൻ അപ്പോഴും അയാൾ തയ്യാറായിരുന്നില്ല എന്ന് സാരം. ഒരു കാലത്ത് ഹോസ്പിറ്റൽ എനിക്ക് ന്റെ തറവാട് വീടു പോലെ ആയിരുന്നു.. എന്നാൽ പതിയെ പതിയെ കളി കാര്യമായി തുടങ്ങി. ഇടക്കിടക്ക് ഉപ്പൂപ്പക്ക് വെയ്യാതായി തുടങ്ങി. എന്റെ നെഞ്ചിടിപ്പ് കൂടാൻ ആരംഭിച്ചു. കളിച്ച് ചിരിച്ച് ന്റെ കൂടെ നാടു ചുറ്റിയിരുന്ന ആ മനുഷ്യൻ പതിയെ പതിയെ പൂർണമായും തളർന്നു തുടങ്ങി. ഓർമ്മ നഷ്ടപ്പെട്ട് തുടങ്ങി.. അങ്ങനെ ഒരുപാടൊരുപാട് പ്രശ്നങ്ങൾ ന്റെ ഉപ്പൂപ്പയിൽ ഞാൻ കണ്ടു. ഓരോ തവണ പിന്നീട് ഹോസ്പിറ്റലിൽ കൊണ്ടു പോവുമ്പഴും ന്റെ നെഞ്ചൊന്ന് പിടക്കുവായിരുന്നു. അള്ളാഹ്ക്ക് മുമ്പിൽ മുട്ടു

കുത്തി ഇരിക്കാൻ മാത്രമെ എനിക്ക് സമയൊള്ളാർന്നു. അങ്ങനെ സന്തോഷകരമായ ഞങ്ങളുടെ ജീവിതത്തിലേക്ക് ഭയം കടന്നു വന്നു. ആ മനുഷ്യന് കട്ടിലിൽ നിന്ന് എണീക്കാൻ പോലും പറ്റാതെ ആയി..! ഞാൻ നിസ്സഹായനാണെന്ന പോലെ വേദന കടിച്ച് പിടിച്ച് ആ മനുഷ്യൻ എന്നെ നോക്കുന്ന ഒരു നോട്ടം ഉണ്ടായിരുന്നു. കണ്ടു നിൽക്കാൻ കഴിയുവായിരുന്നില്ല അത്!! അപ്പോഴും ന്റെ ഉപ്പൂപ്പ പഴയത് പോലെ തിരിച്ച് വരുമെന്ന് എനിക്ക് ഉറപ്പുണ്ടായിരുന്നു. ഉപ്പൂപ്പാക്ക് ഞാൻ ഇല്ലാതെ പറ്റില്ലല്ലോ..! അപ്പൊ തീർച്ചയായും പഴയത് പോലെ ന്റെ ഉപ്പൂപ്പ ജീവിതത്തിലേക്ക് തിരിച്ചുവരും. ഇതു തന്നെ ആയിരുന്നു എന്റെ വിശ്വാസം. എന്നാൽ എന്റെ ആ വിശ്വാസങ്ങളെ തച്ചൊടുക്കുന്ന സംഭവങ്ങൾക്കായിരുന്നു ന്റെ വീട് പിന്നീട് സാക്ഷ്യം വഹിച്ചത്. രോഗത്തിന്റെ മൂർച്ച ഏറി. മഹറ് ചാർത്തിയ പെണ്ണിനെ വരേ ഉപ്പൂപ്പ മറന്ന് പോയി..ഞങ്ങടെ വീട് പതിയെ പതിയെ ഒരു സങ്കട കടലായി മാറി. എരിഞ്ഞ മനസ്സാലെ, ഭയം നിറഞ്ഞ കൺകളാലെ ഞങ്ങൾ ദിവസങ്ങൾ തള്ളി നീക്കി. ഉപ്പൂപ്പ എല്ലാവരേയും പൂർണമായി മറന്നു പോയി. ഇരുട്ടിന്റെ മറവിൽ ഇരുന്ന് അതോർത്ത് വിതുമ്പുന്ന എന്റെ മുഖം എനിക്കിപ്പോഴും ഓർമ്മയുണ്ട്.

"അൻഷിയേ..ഉപ്പപ്പ.. ഉപ്പപ്പ എല്ലാരേം മറന്ന് പോയെടീ..ആരേം കണ്ടിട്ട് മിണ്ടുന്നില്ല..!!"

ഉപ്പാന്റെ വാക്കുകൾ എന്റെ കാതുകളിൽ അലയടിക്കവെ ചങ്ക് പൊട്ടുന്ന വേദനയാലെ ഞാൻ ഉപ്പാനെ നോക്കി.

"ഇയ്യൊന്ന് വാ അങ്ങോട്ട്..!"(ഉപ്പ)

എങ്ങനെയാ ഞാൻ ആ അവസ്ഥയിൽ ന്റെ ഉപ്പൂപ്പാനെ കാണാ..!ന്നെ കൊണ്ട് കഴിയോ അതിന്.. എങ്കിലും വിറക്കുന്ന മനസ്സാലെ കരഞ്ഞ് വിളറിയ മുഖത്താലെ ഞാൻ ആ മുറിയിലേക്ക് പോയി. എല്ലാവരും അവിടെ കൂടി നിൽക്കാ..ഞാൻ നിറ കണ്ണുകളാലെ ജീവനുണ്ടേലും നിശ്ചലനായി കിടക്കുന്ന ആ മനുഷ്യന്റെ മുമ്പിൽ ചെന്ന് നിന്നു. ആ മനുഷ്യൻ ന്റെ മുഖത്തേക്ക് ആശ്ചര്യത്തോടെ നോക്കി. ന്റെ എല്ലാമെല്ലാമായിരുന്നയാൾ

എന്നേം മറന്ന് പോയോ..! അവിടെ നിന്ന് ആർത്ത് വിളിച്ചൊന്ന് കരയാൻ വരെ എനിക്കപ്പോൾ തോന്നി പോയി..
"അൻഷിമോ..
ന്റെ പ്രിയപ്പെട്ടവന്റെ പെട്ടന്നുള്ള ആ ശബ്ദം കേട്ടതും ഞെട്ടി തരിച്ച് ഞാൻ അയാളെ നോക്കി. ഇല്ല..! ഉപ്പപ്പ എന്നെ മറന്നിട്ടില്ല..◯ ആരെയൊക്കെ മറന്നാലും ഉപ്പൂപ്പാന്റെ അൻഷിനെ മറക്കാൻ ഉപ്പൂപാക്ക് പറ്റൂലല്ലോ!! അന്ന് ന്റെ വീട്ടുക്കാർ എല്ലാം ഞെട്ടി തരിച്ച് എന്നെ നോക്കി നിന്നത് ഇപ്പോഴും എനിക്ക് ഓർമ്മയുണ്ട്. 'അൻഷിമു' ഇതായിരുന്നു ആ മനുഷ്യൻ വാ തുറന്ന് പറഞ്ഞ ആ പേര്. അതിന് ശേഷം ന്റെ ഉപ്പൂപ്പാന്റെ ശബ്ദം ആരും കേട്ടിട്ടില്ല. സംസാര ശേഷി നിന്നത് കണക്കെ ആയിരുന്നു. വേദന ഞങ്ങടെ വീടിനെ വിടാതെ പിന്തുടർന്നുകൊണ്ടിരിക്കാർന്നു. അങ്ങനെ ഒരു മാർച്ച് മാസം ഏഴാം തീയതി..! രാത്രി സമയാ..! തീരെ വയ്യാതെ രാത്രി 1 മണി നേരത്ത് ഉപ്പൂപ്പാനെ കൊണ്ട് അവർ ഹോസ്പിറ്റലിൽ പോയി. ഞാനും ന്റെ ഉമ്മയും മാത്രമായി ന്റെ വീട്ടിൽ..! വിതുമ്പി കരയുന്ന ന്നെ പ്പപ്പാക്ക് ഒന്നും പറ്റൂല..പെട്ടന്ന് സുഖാവും ന്ന് പറഞ്ഞ് ആശ്വസിപ്പിച്ചാ ഉമ്മ അന്ന് നിർബന്ധിച്ച് ഉറക്കിയേ..! പിന്നെ ഇൻക്കും അറിയാ..ന്നെ കൂട്ടാതെ ന്റെ ഉപ്പൂപ്പ എങ്ങോട്ടും പോവില്ലന്ന്!! എന്നാൽ☺ ആ രാത്രി കടന്നു പോയി.(മാർച്ച് 8) സുബഹിന് ബാങ്ക് പോലും കൊടുത്തിട്ടില്ല.

" അൻഷിയേ ഉപ്പപ്പ മരിച്ചെടീ..പ്പപ്പ പോയി"
"എന്ത്..
ഞെട്ടി തരിച്ചു കൊണ്ട് ഞാൻ കിടക്കയിൽ എണീറ്റങ്ങിരുന്നു.
"ഇല്ലാ..!!"
അലറി വിളിച്ച് ഞാൻ പൊട്ടി കരഞ്ഞു.നിശ്ചലമായി എന്റെ മുമ്പിൽ വിറച്ചോണ്ട് നിൽക്കുന്ന ന്റെ ഉമ്മ..!!
"ഇല്ലാ..ഇങ്ങൾ, ഇങ്ങൾ വെറുതെ പറയാ..! ഉപ്പപ്പ ന്നെ കൂട്ടാതെ എവിടേക്കും പോവൂല ഉമ്മാ..!!"
അന്ന് ജീവിതത്തിൽ ആദ്യമായി ഞാൻ മനസ്സ് തകർന്ന് പൊട്ടി കരഞ്ഞു. കരച്ചിലിന്റെ വേദന അന്ന് ഞാൻ അനുഭവിച്ചറിഞ്ഞു.

എന്റെ കണ്ണുനീർ ഒരിക്കലും നിലം തൊടരുത് എന്ന് പറഞ്ഞ അതേ വ്യക്തിക്കായി ഞാൻ പൊട്ടി കരഞ്ഞു. ഉമ്മ വെറുതെ പറഞ്ഞതാ.. വിശ്വസിക്കാൻ ന്നെ കൊണ്ട് പറ്റോ..ന്റെ ഉപ്പപ്പ, ന്റെ ഉപ്പപ്പ എവിടേം പോവൂല..! എന്റെ ഹൃദയം നിലച്ചു പോയന്ന കാര്യം എനിക്ക് പോലും മനസ്സിലായില്ല..! പക്ഷെ, ആ സത്യം പതിയെ ഞാൻ അംഗീകരിക്കേണ്ടി വന്നു. ഒരുപാട് വണ്ടികൾ ന്റെ വീടിന്റെ മുറ്റത്തേക്ക് കടന്നു വരാൻ തുടങ്ങി. എന്തോണ്ടാ വരണേ..ന്റെ ഉപ്പൂപ്പ മരിച്ചതറിഞ്ഞ്.. അപ്പൊ ഇനി നിക്ക് ന്റെ ഉപ്പൂപ്പാനെ കാണാൻ പറ്റൂലേ..ന്റെ ഉപ്പൂപ്പാന്റെ കൈകളിൽ ഒന്ന് സ്പർശിക്കാൻ പറ്റൂലേ.. അതൊക്കെ പോട്ടേ..ന്റെ ഉപ്പൂപ്പ ഇനി എന്നെ അൻഷിമോ എന്ന് വിളിക്കൂലേ..! പൊട്ടി കരഞ്ഞ് കൊണ്ട് ഞാൻ വീടിന്റെ പുറകിലേക്കോടി. ജീവൻ പോയ വേദനയോടെ ഞാൻ അലമുറ ഇട്ട് കരഞ്ഞു. പറ്റണില്ല, ആ സത്യം അംഗീകരിക്കാൻ ന്നെ കൊണ്ട് പറ്റണില്ല.. ഇനി മുതൽ ന്റെ കൂടെ ഉപ്പപ്പ ഉണ്ടാകില്ലേ എന്ന ചോദ്യം.. ഞാനില്ലാതെ എവിടേക്കും പോവാൻ കൂട്ടാക്കാത്ത ആൾ ഇന്ന് എന്നെ കൂട്ടാതെ ഈ ഭൂമിയിൽ നിന്നേ അകന്നു പോയത്രെ..! ന്നെ മാത്രം പോയപ്പൊ കൂട്ടീല.ജീവനെക്കാൾ ഏറെ നമ്മൾ സ്നേഹിച്ച വ്യക്തി ഇനി ഈ ഭൂലോകത്ത് നമ്മളോടൊപ്പം ഉണ്ടാകില്ല എന്നറിയുമ്പോഴുള്ള അവസ്ഥ.. ആലോചിച്ച് നോക്കിയിട്ടുണ്ടോ നിങ്ങളതിനെ കുറിച്ച്?? സഹിക്കോ നിങ്ങൾക്ക്..?! നിശ്ചലമായി ജീവനറ്റു പോയ ന്റെ ഉപ്പൂപ്പാന്റെ മയ്യിത്ത് ന്റെ വീട്ടിലേക്ക് കൊണ്ട് പോയി. വാ മൂടി കെട്ടി കരയാൻ അല്ലാതെ മറ്റെന്തിനെങ്കിലും ന്നെ കൊണ്ട് പറ്റോ..! ഞാൻ പറഞ്ഞില്ലേ ന്റെ പൂപ്പാന്റെ ചിരി കാണാൻ ബയങ്കര രസാന്ന്.. ആഹ്, വെള്ള തുണി പൊതച്ച് ആ കട്ടിലിൽ ജീവനറ്റു കിടക്കുമ്പോഴും ആ മനുഷ്യൻ ചിരിക്കുകയായിരുന്നു. എന്തൊരു രസാർന്നുന്നോ ആ ചിരി കാണാൻ..പക്ഷെ, അതിനി എനിക്ക് കാണാൻ പറ്റില്ലല്ലോ..!? അവസാനമായി ആ തണുത്തുറഞ്ഞ മുഖത്ത് ഞാൻ ഒരുപാട് ചുമ്പിച്ചു.ആ മനുഷ്യ മാലാഖ പടച്ചോന്റെ വിളിക്ക് ഉത്തരം നൽകിയിരിക്കുന്നു. ന്നെ വിട്ട്, ഞങ്ങടെ വീടും,നാടും വിട്ട് ഈ ലോകത്തെ തന്നെ വിട്ട്

അയാൾ യാത്രയായിരിക്കുന്നു. അൻഷിനെ ഒറ്റക്കാക്കി ഉപ്പൂപ്പ എങ്ങോട്ടോ പോയി. ഒരിക്കലും തിരിച്ച് വരില്ലെന്നറിയാം..  പക്ഷെ, എന്തോ ഉപ്പപ്പ ഇല്ലാതെ നിക്ക് പറ്റണില്ല ടോ..! ആരും അയാൾക്ക് പകരം ആവില്ലല്ലോ..! ഇന്നും അയാളുടെ ഓർമ്മകളോട് അടിമ പെട്ട് കിടക്കുന്ന ഒരു പേരമകളുടെ കഥയാ ഇത്. ഇന്ന് ഞാൻ ഇവിടെ ഒറ്റക്കാണ്...!!!

ANSHIDA

# ലഹരി

രാജേഷ്, ലഹരിക്ക് അടിമയായ ഒരു യുവ പുരുഷൻ, ജീവിതത്തിൽ യാതൊരു ദിശാബോധവും ഇല്ലാതെ അലഞ്ഞുതിരിഞ്ഞു. ലഹരിയുടെ ലോകത്തിൽ അകപ്പെട്ട്, പഠനവും ജോലിയും ഉപേക്ഷിച്ച്, കുടുംബത്തെയും സുഹൃത്തുക്കളെയും അകറ്റി നിർത്തി.

ഒരു ദിവസം, രാജേഷ് റോഡരികിൽ വീണുകിടക്കുന്നത് കണ്ടത് അവന്റെ പഴയ സുഹൃത്ത് അനിൽ ആയിരുന്നു. രാജേഷിന്റെ ദുരവസ്ഥ കണ്ട് അനിൽ ഞെട്ടിപ്പോയി. രാജേഷിനെ സഹായിക്കാൻ അനിൽ തീരുമാനിച്ചു.

അനിൽ രാജേഷിനെ കൂട്ടി ഒരു ഡീ-അഡിക്ഷൻ സെന്ററിൽ പോയി. അവിടെ രാജേഷ് ലഹരിയുടെ ദോഷങ്ങളെക്കുറിച്ച് മനസ്സിലാക്കുകയും ലഹരി വിമുക്തനാകാൻ തീരുമാനിക്കുകയും ചെയ്തു.

ഡീ-അഡിക്ഷൻ സെന്ററിൽ രാജേഷ് പുതിയ സുഹൃത്തുക്കളെ കണ്ടുമുട്ടി. അവരെല്ലാം ലഹരിയിൽ നിന്ന് മോചനം നേടാൻ പാടുപെടുന്നവരായിരുന്നു. അവർ പരസ്പരം താങ്ങും തണലും നൽകി.

രാജേഷ് ലഹരി വിമുക്തനാകാൻ കഠിനമായി പരിശ്രമിച്ചു. അനിലും സുഹൃത്തുക്കളും രാജേഷിന് ധൈര്യവും പ്രചോദനവും നൽകി.

ഒടുവിൽ, രാജേഷ് ലഹരി വിമുക്തനായി. പുതിയ ജീവിതം ആരംഭിക്കാൻ രാജേഷ് തീരുമാനിച്ചു.

രാജേഷ് പഠനം പുനരാരംഭിക്കുകയും നല്ല ജോലി നേടുകയും ചെയ്തു. കുടുംബത്തോടും സുഹൃത്തുക്കളോടും രാജേഷ് വീണ്ടും അടുത്തു.

രാജേഷിന്റെ ജീവിതം ഒരു പുതിയ ദിശയിലേക്ക് നീങ്ങി. ലഹരിയുടെ ലോകത്തിൽ നിന്ന് മോചനം നേടാൻ സഹായിച്ചതിന് രാജേഷ് അനിലിനും സുഹൃത്തുക്കൾക്കും നന്ദി പറഞ്ഞു.

Rinshida

## എന്റെ വിദ്യാലയം

പച്ചപ്പാർന്ന മലഞ്ചെരിവിൽ,
പുഞ്ചിരി തൂകി നിൽക്കും,
എൻ്റെ വിദ്യാലയം,
അറിവിൻ്റെ ദേവാലയം.

കളിയോടും ചിരിയോടും,
കൂട്ടുകെട്ടിൻ്റെ ഓർമ്മകളോടും,
വിടരുന്ന യൗവ്വനത്തിൻ്റെ
വർണ്ണപ്പൊലിമകളോടും.

കരുതലിൻ്റെ കരങ്ങളാൽ,
നെയ്തെടുത്ത സ്വപ്നങ്ങൾ,
അറിവിൻ്റെ അക്ഷരങ്ങളാൽ,
ചിത്രീകരിച്ച ഭാവി.

ഗുരുനാഥരുടെ വാക്കുകൾ,
മനസ്സിൻ്റെ മണ്ണിൽ,
വിത്തുകൾ പോലെ വിതച്ചു,
ഞ്ജാനത്തിൻ്റെ വിളവെടുത്തു.

സൗഹൃദത്തിൻ്റെ പുഷ്പങ്ങൾ,
വിടർന്നു നിന്ന ഓരോ ദിനവും,
ഓർമ്മകളിൽ സുഗന്ധം പരത്തും,
നാളെകളിലേക്കുള്ള യാത്രയിൽ.

വിട പറയുമ്പോൾ,
ഹൃദയം നനഞ്ഞു,
എങ്കിലും, ഓർമ്മകളിൽ
നിറഞ്ഞു നിൽക്കും,
എൻ്റെ വിദ്യാലയം.

Shifa

# ഭൂമി

നീലക്കടലിൻ നെഞ്ചിൽ,
പച്ചപ്പുടവ ചുറ്റി,
തിളങ്ങി നിൽക്കും ഭൂമി,
ഞങ്ങളുടെ ലോകം.



മലകൾ ഉയരം കൂട്ടും,
നദികൾ പാട്ടുപാടും,
പൂക്കൾ ചിരി തൂകും,
ഭൂമി സന്തോഷം നൽകും.

വ്യത്യസ്ത ജീവികൾ,
ഇവിടെ കളിച്ചുല്ലസിക്കുന്നു,
സ്നേഹത്തോടെയും സന്തോഷത്തോടെയും,
ഒരുമിച്ച് ജീവിക്കുന്നു.

ഭൂമി നമ്മുടെ അമ്മയാണെന്ന്,
ഓർക്കണം നമ്മൾ എപ്പോഴും,
അവളെ സ്നേഹിക്കുകയും,
പരിപാലിക്കുകയും ചെയ്യാം.

ഭൂമി നമുക്ക് നൽകുന്ന,
എല്ലാ സൗഭാഗ്യങ്ങൾക്കും,
നന്ദി പറയണം നാം,
എല്ലാ ദിവസവും.

ഭൂമി നമ്മുടെ ഭാവിയാണ്,
അവളെ സംരക്ഷിക്കാം നാം,
വരും തലമുറയ്ക്ക് വേണ്ടി,
ഒരു സുന്ദര ഭൂമി സമ്മാനിക്കാം

- ALFA FATHIMA

## ഏകാന്തത

അഞ്ജലി ക്ലാസ്സിൽ ഇരുന്നു, പുസ്തകത്തിലേക്ക് നോക്കി. പക്ഷെ അവളുടെ മനസ്സെവിടെയോ ദൂരെയായിരുന്നു. ക്ലാസ്സിൽ നടക്കുന്ന കാര്യങ്ങളിൽ അവൾക്ക് താൽപ്പര്യമില്ലായിരുന്നു.
അഞ്ജലിക്ക് ഒരു സുഹൃത്തുക്കളും ഇല്ലായിരുന്നു.
അവൾ പുതിയതായി ഈ സ്‌കൂളിൽ വന്നതാണ്. അവൾക്ക് ഇവിടെ ആരെയും അറിയില്ലായിരുന്നു.
മറ്റുള്ള കുട്ടികൾ കളിക്കുകയും ചിരിക്കുകയും ചെയ്യുമ്പോൾ അഞ്ജലി ഏകാന്തത അനുഭവിച്ചു.
അവൾക്ക് വീട്ടിൽ പോകാൻ തോന്നി.

അവിടെ അവൾക്ക് അമ്മയും അച്ഛനും ഉണ്ടായിരുന്നു. അവർ അവളെ സ്നേഹിക്കുകയും കരുതുകയും ചെയ്യുമായിരുന്നു.
ക്ലാസ്സ് കഴിഞ്ഞപ്പോൾ അഞ്ജലി ഓടി വീട്ടിലേക്ക് പോയി.
അവൾ അമ്മയുടെ മടിയിൽ ചുരുണ്ടുകൂടി കരഞ്ഞു.
"എന്താണ് കാര്യം മോളെ?" അമ്മ ചോദിച്ചു.
"എനിക്ക് സുഹൃത്തുക്കളൊന്നുമില്ല," അഞ്ജലി പറഞ്ഞു. "ഞാൻ ഏകാന്തയാണ്."

അമ്മ അഞ്ജലിയെ കെട്ടിപ്പിടിച്ചു. "നിങ്ങൾക്ക് ഞങ്ങളുണ്ടല്ലോ," അമ്മ പറഞ്ഞു. "ഞങ്ങൾ നിങ്ങളെ സ്നേഹിക്കുന്നു."
അഞ്ജലി അമ്മയെ നോക്കി പുഞ്ചിരിച്ചു.
അവൾക്ക് ഏകാന്തത അനുഭവപ്പെട്ടില്ല.
അവൾക്ക് അമ്മയും അച്ഛനും ഉണ്ടായിരുന്നു. അവർ അവളുടെ ഏറ്റവും നല്ല സുഹൃത്തുക്കളായിരുന്നു.
പിറ്റേന്ന് അഞ്ജലി സ്‌കൂളിൽ പോയപ്പോൾ അവൾ കുറച്ചുകൂടി ധൈര്യം സംഭരിച്ചു.

അവൾ മറ്റുള്ള കുട്ടികളോട് സംസാരിക്കാൻ ശ്രമിച്ചു.
അവൾ അവരോടൊപ്പം കളിക്കാൻ തുടങ്ങി.
പതിയെ പതിയെ അവൾക്ക് സുഹൃത്തുക്കളെ ഉണ്ടാക്കാൻ തുടങ്ങി.
അവൾക്ക് ഇനി ഏകാന്തത അനുഭവപ്പെട്ടില്ല.
അവൾക്ക് സന്തോഷമായി.

SINAN

**ഓർമ്മകുറിപ്പ്**

----------------

# ആ കണ്ണുകളിനി തുറക്കില്ല

====================

നാല് മലകളുടെ തായ്‌വാരത്ത് ഒരു പാടത്തിന്റെ അരികിലായാണ് ഞങ്ങളുടെ വീട്. ആ വീട്ടിൽ ഞാൻ ഉമ്മ, ഉപ്പ,അനിയത്തി, ഏട്ടത്തി എന്നീ അഞ്ച് ആളുകൾ താമസിച്ചു.

"എടി..... പെണ്ണേ നീ സ്ക്കൂളിൽ പോവുന്നില്ലേ.... വണ്ടി ഇപ്പൊ ഇങ്ങെത്തും" ഉമ്മ വിളിച്ചു പറഞ്ഞു. ഞാൻ ടിഫിനെടുത്ത് വണ്ടി കാത്തുനിൽക്കുന്നിടത്തേക്ക് ഓടി.നിർത്താതെ ഹോൺ അടിച്ചുകൊണ്ട് വണ്ടി എന്റെ മുമ്പിൽ ഹാജറായി. ഞാൻ ഓടി ജനൽ സീറ്റിൽ ഇരുന്നു.

വലിയ വിശാലമായ സ്ഥലത്ത് മൂന്ന് ബസ്സുകളോടെയാണ് എന്റെ സ്ക്കൂൾ. മുൻവശത്ത് പടിഞ്ഞാറൻ ദിശയിൽ ഒരു വലിയ ആരോഗ്യമുള്ള അരി നെല്ലിക്കാ മരം പന്തലിച്ച് നിൽക്കുന്നുണ്ട്.അടുക്കളയുടെ മുൻവശത്ത് ഒരു തെങ്ങ് മരമുണ്ട്. പ്രകൃതിയോട് ഇണങ്ങി നിൽക്കുന്ന നല്ല സൗകര്യമുള്ള എന്റെ എ.എം.എൽ.പി സ്ക്കൂളിന്റെ ഗേറ്റിലൂടെ ഞങ്ങളുടെ വണ്ടി കടന്നു വന്നു.

ഞങ്ങളെല്ലാവരും വണ്ടിയിൽ നിന്ന് വരിയായി ഇറങ്ങി. ഞാൻ നാല് സിയിലാണ് പഠിക്കുന്നത്. കുറച്ചുസമയം കഴിഞ്ഞപ്പോൾ ടീച്ചർ കയറി വന്നു." ലബ്ബയാ തീ ഹി ദുആ ബൻ കി തമന്നാ മേരി" എന്ന പ്രാർത്ഥന ചൊല്ലി. ശേഷം ടീച്ചർ ഞങ്ങളെല്ലാവരെയും വരിയായി ഓഡിറ്റോറിയത്തിലേക്ക് കൊണ്ടുപോയി. അവിടെ എല്ലാ ടീച്ചേഴ്സും സാറന്മാരും ഉണ്ടായിരുന്നു. ഞങ്ങൾ ഞങ്ങൾക്ക് നിർദ്ദേശിക്കപ്പെട്ട ബെഞ്ചുകളിലായി ഇരുന്നു.എച്ച് എം എഴുന്നേറ്റു മൈക്ക് എടുത്തു. "കൊറോണ എന്ന ബാക്ടീരിയ ചൈനയിൽ നിന്ന് പിറവി കൊണ്ടു. അത് ഇന്ത്യയിലേക്കും ഇപ്പോൾ കേരളത്തിലേക്കും നമ്മുടെ അടുത്തുള്ള പല പ്രദേശങ്ങളിലേക്കും വ്യാപിച്ചിരിക്കുന്നു. എന്തായാലും സ്ക്കൂൾ അടുത്ത് തന്നെ പൂട്ടും". എച്ച് എം ഇത്രയും പറഞ്ഞു നിർത്തി. പിന്നീട് ഓരോ ടീച്ചേഴ്സും

എന്തൊക്കെയോ പ്രസംഗം നടത്തി.അവസാനം ഞങ്ങളെ വരിയായി ക്ലാസിലേക്ക് പറഞ്ഞയച്ചു. കുട്ടികൾക്ക് സംസാരിക്കാനുള്ളത് ഈ ബാക്ടീരിയയെ കുറിച്ച് മാത്രമാണ്.

കുറച്ചുദിവസത്തിനകം സ്കൂൾ പൂട്ടി.ലോക്ക് ഡൗൺ എന്ന ഭീമകാരനും വന്നെത്തി.അങ്ങനെ ഒരുമാസം കഴിഞ്ഞ് നടക്കാൻ വെച്ച മദ്രസ പൊതുപരീക്ഷ മാറ്റിവെച്ചു. മാറ്റിവെച്ച് മാറ്റിവെച്ച് അവസാനം പരീക്ഷ നടന്നില്ല.ആ വർഷം ഞങ്ങൾ വെറുതെ വിജയിച്ചു.

പുതുവത്സര മേളയുമായി ജൂൺ ഒന്ന് സ്കൂൾ വാതിലിൽ മുട്ടി. വാതിൽ തുറന്നില്ല. എന്നത്തേയും പോലെ കുട്ടികളെ സ്കൂളിലെങ്ങും കാണാനില്ല.ജൂൺ താങ്ങാനാവാത്ത ദു:ഖവുമായി തിരിഞ്ഞു നടക്കുമ്പോഴാണ് എല്ലാ കുട്ടികളും അവനെയും നോക്കി മൊബൈലിന്റെ മുമ്പിലിരിക്കുന്നു. എല്ലാവരും പുത്തൻ പുസ്തകങ്ങൾക്കുമുമ്പിൽ പുത്തൻ വസ്ത്രമണിഞ്ഞിരിപ്പാണ്. ലോക്ക്ഡോൺ പ്രമാണിച്ച് സ്കൂൾ ഓഫ്‌ലൈൻ ക്ലാസുകൾക്കു പകരം സൂം, ഗൂഗിൾ മീറ്റ് എന്നിങ്ങനെയുള്ള ആപ്പുകളെ സ്കൂളുകളാക്കി ഓൺലൈൻ ക്ലാസുകൾ ആരംഭിച്ചിരിക്കുകയാണ്. ഓൺലൈൻ ക്ലാസുകൾ ആദ്യമാദ്യം കൃത്യമായി കേട്ടു പോന്നെങ്കിലും പിന്നെ അടങ്ങിയിരുന്നുള്ള പഠനം ശീലമില്ലാത്തതിനാലാവാം അത് വളരെ ബോറായി തോന്നി. പിന്നീട് ക്ലാസ്സ് തന്നെ കേൾക്കാതെയായി. അങ്ങനെ ക്ലാസ്സ് കേട്ടും കേൾക്കാതെയും നോട്ട് പുസ്തകത്തിന്റെ പുത്തൻഗന്ധം കാത്ത്സൂക്ഷിച്ചും ആ ഒരു കൊല്ലം കടന്നു പോയി.

വെക്കേഷൻ എന്ന മഹാദിനങ്ങൾ അരങ്ങേറി.പക്ഷെ പുറത്തിറങ്ങാൻ പാടില്ല എന്ന ഭീഷണിയോടെയായിരുന്നു ഈ വെക്കേഷൻ. കുട്ടികൾ കോറോണയേക്കാൾ വലിയ ഫോൺ എന്ന മഹാമാരിയിൽ അഡിക്ഷൻ പിടിച്ചു.

അടുത്ത ജൂൺ ഒന്നും വന്നെത്തി. കഴിഞ്ഞ അതെ അനുഭവം തന്നെയാണ് ഇപ്രാവശ്യവും അവന്. സ്കൂളിൽ കുട്ടികളില്ല.അന്നും കുട്ടികൾ ഫോണിലൂടെ പുതുവത്സരം ആഘോഷിച്ചു. കുറച്ചു മാസങ്ങൾക്ക് ശേഷം സ്കൂൾ തുറന്നു. മാസ്ക് ധരിച്ചും സാനിറ്റൈസർ ഉപയോഗിച്ചും സ്കൂളുകളിൽ

പോവാം. കൃത്യമായി ആളുകൾ തമ്മിൽ ഡിസ്റ്റൻസ് കീപ് ചെയ്യണം. അപ്പോഴാണ് ഒരു വാർത്ത കൊറോണ വീണ്ടും വന്നിരിക്കുന്നു.പക്ഷെ ഇപ്രാവശ്യം കൊറോണ വ്യത്യസ്തമായ നടപടിയും കൊണ്ടാണ് വന്നത്. ആദ്യപ്രാവശ്യം വാർദ്ധക്യം ബാധിച്ചവരെയാണ് കൊറോണ തിരഞ്ഞെടുത്തത്. പക്ഷെ ഇപ്രാവശ്യം യുവത്വത്തിന്റെ ജീവിത നൗക തുഴഞ്ഞു രസിക്കുന്ന പാവപ്പെട്ട ചെറുപ്പക്കാരെയാണ് കൊറോണ തിരഞ്ഞെടുക്കുന്നത്. മുപ്പത്, മുപ്പത്തിനാൽ വയസ്സുകളുള്ള ഓരോ ചെറുപ്പക്കാരും തന്റെ ഭാര്യമാരെയും, മക്കളെയും തനിച്ചാക്കി അവരോടൊരു യാത്ര പോലും പറയാതെ അവർക്ക് തന്നെ കാണാൻ പോലും അവസരം നൽകാതെ ജെ സീ ബിയുടെ കൈകൾ കൊണ്ടുണ്ടാക്കിയ ഭൂമിയുടെ ദ്വാരങ്ങളിൽ വീഴുകയാണ്.

ദിവസവും ഹോസ്പിറ്റലുകളിൽ നിന്ന് എത്രയോ ചെറുപ്പക്കാരുടെ ബോഡി മണ്ണിനും,തീയിനുമായി അർപ്പിച്ചു. അതിന്റെ മീറ്ററുകൾ അപ്പുറത്ത് നിന്ന് അവരുടെ പ്രിയതമയും കുടുംബവും കരഞ്ഞു തളർന്നു. അപ്പൊ ഒന്നും തിരിയാത്ത കുഞ്ഞുങ്ങളുണ്ട് അവരുടെ അടുത്ത്. ആ മക്കൾ ഉപ്പയെ എന്ത് ചെയ്യുന്നു എന്ന് ചോദിക്കുമ്പോൾ എന്ത് സമാധാനമാണ് ആ കുടുംബം പറയുക? ഇങ്ങനെ എത്രയോ സംഭവങ്ങൾ ദിവസവും നടക്കുന്നു. എത്രയോ കുടുംബങ്ങൾ അനാഥരാവുന്നു.

ഒരു ദിവസം ഉപ്പയും മൂത്താപ്പയും ലോഡ് കയറ്റാൻ പോയി. നല്ല മഴ ഉള്ള ദിവസമായിരുന്നു. അവർ മഴ കൊണ്ട് ലോഡ് കയറ്റി.സമയ പരിമിതിയാണ് അവരെ ആ പ്രവൃത്തി ചെയ്യാൻ പ്രേരിപ്പിചത്. വീട്ടിൽ എത്തിയപ്പോഴേക്കും രാത്രി സമയം വളരെ അധിക്രമിച്ചിരുന്നു. പിറ്റെ ദിവസം ഉപ്പാകും മൂത്താപ്പാകും പനി പിടിച്ചു. അഞ്ചാറു ദിവസം ആ പനി നീണ്ടു പോയി.കോറോണയുടെ ലക്ഷണങ്ങൾ മുഴുവനും അവരുടെ ശരീരത്തിൽ കാണാൻ തുടങ്ങി.അടുത്തു വരണ്ട എന്ന ഉപ്പാന്റെ വാക്കുകൾ അനുസരിക്കാതെ ഞങ്ങൾക്ക് കോറോണയെ ഭയമില്ല എന്ന മട്ടിൽ ഉപ്പാൻ്റെ അടുത്തു പോയി സ്ഥിരം പോലെ കളിച്ചു. മൂത്താപ്പയുടെ സ്ഥിതി വളരെ മോഷമായിരുന്നു. ശ്വാസം കിട്ടാതായി. ഭക്ഷണം കഴിക്കുന്നതെല്ലാം പുറത്തു വരാൻ തുടങ്ങി.

അപ്പോഴാണ് മൂത്താപ്പയുടെ വലിയ മകൾക്കും കോറോണയുടെ ലക്ഷണങ്ങൾ വരാൻ തുടങ്ങിയത്.

പിറ്റെ ദിവസം തന്നെ അവർ അടുത്തുള്ള ഒരു ഹോസ്പ്പിറ്റലിൽ പോയി കൊറോണ ടെസ്റ്റ് നടത്തി.അവിടെ അവർക്ക് ഒരു തമാശയാണ് കാണാൻ സാധിച്ചത്. ഉപ്പാക്കും മൂത്താപ്പൻ്റെ മോൾക്കും പോസിറ്റീവ്. അരോഗ്യം നന്നെ നഷ്ടപെട്ട് കഷ്ട്ടപാട് സഹിക്കുന്ന മൂത്താപ്പാക്ക് നെഗറ്റീവും. എന്നാലും മൂത്താപ്പാക്ക് കോറോണ വരാൻ ചാൻസ് ഉണ്ടെന്ന് ഡോക്ടർ മുന്നറിയിപ്പ് നൽകി. പിന്നീടവർ വീട്ടിൽ തിരിച്ചെത്തി.

പിറ്റേദിവസം ഒരു ഉച്ചസമയത്ത് മൂത്താപ്പയുടെ സ്ഥിതി വളരെയധികം വഷളായി. ഉടൻ മൂത്താപ്പയെ മെഡിക്കൽ കോളേജിലേക്ക്മാറ്റി.അഞ്ച് കുട്ടികൾ അവരുടെ വീട്ടിൽ തനിച്ചായി.പിന്നെ അതേ ദിവസം ഒരു സയാഹ്ന സമയത്ത് ഉപ്പ കൗൺസിലർക്ക് വിളിച്ച് 108 ന്റെ ആംബുലൻസ് വീട്ടിലേക്ക് അയക്കാൻ ആവശ്യപ്പെട്ടു. ആംബുലൻസിൽ പോകുവാൻ മാത്രം ഉപ്പാന്റെ ശരീരത്തിൽ ഒരു കുഴപ്പവും ഞങ്ങൾകണ്ടിരുന്നില്ല. കുറച്ചുസമയത്തിനകം തലയിൽ ലൈറ്റും കത്തിച്ച് അവർ ഞങ്ങളുടെ കൺമുന്നിലൂടെ പാഞ്ഞു പോയി. ഹോസ്പിറ്റലിൽ എത്തിയതും ഉപ്പാക്ക് ഓക്സിജൻ സിലിണ്ടർ വെക്കപ്പെട്ടു. ഞങ്ങളെ കൊണ്ടുപോകാനായി പിറ്റേദിവസമാണ് അമ്മോന് വരാൻ കഴിഞ്ഞത്.

മൂത്താപ്പയുടെ മകൾക്ക് കൊറോണ നെഗറ്റീവ് ആയി. ഉപ്പാന്റെ രോഗകാര്യങ്ങൾ ആരും ഞങ്ങളോട് പറഞ്ഞില്ല. എല്ലാവരും ഉപ്പാനെ കുറിച്ച് ഞങ്ങളിൽ നിന്ന് മറച്ചുവെച്ചു. ആദ്യത്തെ രണ്ട് ദിവസം ഉമ്മ ഹോസ്പിറ്റലിൽ നിന്ന് വീഡിയോ കോൾ ചെയ്യിരുന്നു. ഉപ്പാക്ക് സംസാരിക്കാൻ കഴിയില്ല, കാരണം ഓക്സിജൻ മാസ്ക് എടുത്തു മാറ്റിയാൽ ഉടൻ ഉപ്പാക്ക് ശ്വാസം മുട്ടും. ഭക്ഷണം കഴിക്കാൻ കഴിയാതെയായി. എപ്പോഴും കട്ടിയുള്ള മാസ്ക് മുഖത്ത് വച്ചിരുന്നതിനാൽ മുഖത്ത് മുറിവ് ഉണ്ടാകുവാനും തുടങ്ങി. ഒരു ദിവസം ഒരു ക്ലാസ് ജ്യൂസ് എന്ന നിലയിൽ ആയി ഭക്ഷണം. ഹോസ്പിറ്റലിലെ അഞ്ചാം ദിവസം ഉമ്മ അമ്മായിക്ക് വിളിച്ച് ഉടൻ രണ്ടു പുരുഷന്മാരെ

ഹോസ്പിറ്റലിലേക്ക് അയക്കണം എന്നാവശ്യപ്പെട്ടു. അമ്മായി അമ്മോനെയും ഉപ്പാപ്പയെയും പറഞ്ഞയച്ചു. ഉപ്പാക്ക് ചെറുതായിട്ട് സീരിയസ് ആണെന്ന് ഞങ്ങളോട് പറഞ്ഞു. അന്ന് രാത്രി അമ്മായി ഞങ്ങളെ പെട്ടെന്ന് ഉറക്കി.

ഒരു രണ്ടുമണി സമയം ആയിരിക്കും, അമ്മായി ഞങ്ങളെ വിളിച്ചുണർത്തി.ആരുടെയൊക്കെയോ കരച്ചിലും ബഹളവും കേട്ടു. എന്താണ് സംഭവം എന്ന് ഞാൻ ഊഹിച്ചെടുത്തു.ഞങ്ങൾ ഒരു വണ്ടി വിളിച്ചു തറവാട്ടിൽ പോയി.താത്ത കരഞ്ഞു ശർദ്ദിക്കുന്നുണ്ടായിരുന്നു.അപ്പോഴും അനിയത്തിക്ക് കാര്യം മനസ്സിലായിരുന്നില്ല.പക്ഷെ എങ്ങനെയോ അവളും അതറിഞ്ഞു. തറവാട്ടിലെ ആൾക്കൂട്ടത്തിൽ നിന്ന് അവൾ ഊഹിച്ചിരിക്കാം.

ഒരു മുറിയിൽ മാലാഖയെന്നപോലെ വെള്ള വസ്ത്രമണിഞ്ഞു കരഞ്ഞ് തളർന്ന കണ്ണുകളുമായി പാവം ഉമ്മ നിൽക്കുന്നുണ്ട്.ഇതുക്രൂടികണ്ടപ്പോൾ ഹൃദയം മുഴുവനായി തകർന്നില്ലാണ്ടായി. കുറേ ആളുകൾ എന്തൊക്കെയോ പറഞ്ഞു ഞങ്ങളെ ആശ്വസിപ്പിച്ചു. കുറച്ചു സമയത്തിനകം വെള്ള തുണിയിൽ മൂടിയ ഉപ്പാന്റെ ബോഡി ആംബുലൻസിൽ എത്തി. ഉപ്പാന്റെ അന്ത്യകർമങ്ങൾ ചെയ്യാൻ കഴിയാതെ രണ്ടു അനിയന്മാരും ഗൾഫിലായിരുന്നു. ഒരേയൊരു ജ്യേഷ്ടനായ മൂത്താപ്പ ആശുപത്രിയിൽ അഡ്മിറ്റും. അവർക്കൊന്നും അവസാനമായി ഉപ്പാനെ ഒന്ന് കാണാൻ പോലും സാധിച്ചില്ല. ഉപ്പാന്റെ ബോഡി കൂട്ടുകാരെടുത്ത് ഒരു മുറിയിൽ ഒരു കട്ടിലിൽ കിടത്തി. ആർക്കും കാണാൻ അവസരം നൽകാതെ കൊണ്ട് നടന്ന തന്റെ ശരീരം കൂട്ടുകാരെല്ലാം വൃത്തിയാക്കുന്നു. ഉപ്പാന്റെ അവസാനത്തെ കുളിയായിരുന്നു അത്. മൂന്ന് തുണിയിൽ ഉപ്പാനെ അവർ പുതഞ്ഞു. ഉപ്പാനെ മുമ്പിൽ വെച്ചവർ നിസ്കരിച്ചു. അവസാനം ഒരു പെട്ടിയിൽ കയറ്റി,ചുമലിൽ ചുമന്നവർ 'ലാ ഇലാഹ ' എന്ന ദിക്റും ചൊല്ലി എന്നും എപ്പോഴും വൃത്തിയായി സൂക്ഷിക്കുന്ന ഉപ്പാന്റെ ശരീരത്തെ മണ്ണിലോട്ട് ചേരാൻ ആ ഇടുങ്ങിയ ഖബറെന്ന ആറടിമണ്ണിലോട്ടവർ വെച്ച് കൊടുത്തു. എപ്പോഴും മന്ദസമായി

കൊണ്ട് നടന്ന ആ മുഖം മണ്ണിലോട്ട് ചേർത്തു വെച്ചു . ആ കുഴിയുടെ മുകളിൽ കല്ലുകൾ വെച്ചവർ മൂടി. ആ കുഴിയിൽ മുഴുവൻ ഇരുട്ടാണിപ്പോൾ . ഉപ്പാനെ അവസാന യാത്രക്ക് കൊണ്ടുപോയി തിരിച്ചു പോരാൻ നേരം ഉപ്പാന്റെ ഖബറിന്റെ മുകളിൽ ഒരു ചെടി നട്ടു . ഒരു കുടം വെള്ളം ഖബറിന്റെ മുകളിൽ ഒഴിച്ചു അവർ അവിടെ നിന്നും മടങ്ങി.

രണ്ടു ദിവസം കയിഞ്ഞപോൾ ഹോസ്പിറ്റൽ നടന്ന കര്യങ്ങൾ ഞങ്ങൾക് ഉമ്മ വിശദീകരിച്ചു"ഹോസ്പിററലിൽ മൂന്നാം ദിവസം ഐ . സ്യു വിലേക് ഉപ്പാനെ മാറ്റി.പിന്നെ അഞ്ചാം ദിവസം ഉമ്മാ ആണങ്ങളെ വേണമെന്ന് പറഞ്ഞു വിളിച്ചു. ഉപ്പാനെ വേന്റിലേറ്ററിലേക് മാറ്റാൻഉള്ള സമ്മതപത്രത്തിൽ ഒപ്പിടാനാണ് അവരെ വിളിച്ചത്. പിന്നീട് കുറച്ചു സമയം കഴിഞ്ഞപ്പോൾ നമ്മുടെ പല ബെന്ധുകളും വന്ന് ഉപ്പാൻ്റെ ചെവിയിൽ ദിക്ർ ചൊല്ലി കൊടുക്കാൻ തുടങ്ങി.ഉപ്പാൻ്റെ കണ്ണിൽ നിന്നും കണ്ണുനീർ ഉതിർന്നു വീണു. ആദ്യമായി ഉപ്പ കരയുന്നത് ഉപ്പാൻ്റെ അവസാന നിമിഷത്തിൽ ഉമ്മ കണ്ടു.ഉപ്പാൻ്റെ നെറ്റിതടം വിയർക്കാൻ തുടങ്ങി.മരണത്തിൻ്റെ എല്ലാ അടയാളങ്ങളും ഉപ്പാൻ്റെ മുഖത്ത് കണ്ടു.കാലുകളുടെ തള്ളവിരളിലൂടെ മലക്ക് എസറാഈൽ ആത്മാവിനെ വലിച്ചെടുകുന്നത് ഉമ്മ മനസ്സിൽ കണ്ടു.ആ സമയം വേദന കൊണ്ട് ശരീരം അനക്കാൻ കയിയാതെ നിൽകുന്ന ഉപ്പാനെ കണ്ട് നിൽകാൻ ഉമ്മാക് സാധിചില്ല.പെട്ടന്ന് കണ്ണിലൂടെ ആത്മാവ് പോവുന്നത് കണ്ടിട്ടാവാം ഉപ്പാൻ്റെ കണ്ണിലെ കൃഷ്ണമണി മേലോട്ട് ഉരുണ്ട് പോവുന്നു.കുറച്ചു നിമിഷങ്ങൾക്കകം എല്ലാം അവസാനിച്ചു. ഉപ്പ മരിച്ചു. ഉമ്മയെ കുടുംബക്കാർ തറവാട്ടിൽ എത്തിച്ചു.എല്ലാവരുടെയും മുഖത്ത് കണ്ണീരിൻ്റെ ഉറവകൾ ഒഴുകിനടക്കുന്നു."ഇതായിരുന്നു ഉമ്മാന്റെ വിശദീകരണം.


കുറച്ചു മണിക്രൂറുകൾക് ശേഷം ഞങ്ങൾ ഞങ്ങളുടെ സ്വന്തം വീട്ടിലേക്ക് പോയി.അവിടെയെത്തി വാതിൽ തുറന്നതും ഉപ്പ അന്ന് ബാക്കിയാക്കി പോയ കഞ്ഞി ആർക്കോ വേണ്ടി അവിടെ തണുത്തു റഞ്ഞിരിക്കുന്നു.

- Fathima sinfa. p


# ഉയരമുള്ള കൂട്

ഒരു വലിയ മരത്തിൽ കാക്കകൾ താമസിച്ചിരുന്നു.അതിൻറെ ഏറ്റവും മുകളിലായിരുന്നു അവരുടെ കൂട്.ഒരു ദിവസം അത് മുട്ടയിട്ട് അടയിരുന്ന് മുട്ടവിരിഞ്ഞ് ഒരു കാക്ക കുഞ്ഞുണ്ടായി.കാക്കയുടെ കൂട്ടുകാരായ മറ്റു പക്ഷികൾക്ക് കുഞ്ഞിനെ കാണാൻ പറ്റിയിട്ടുണ്ടായിരുന്നില്ല.അങ്ങനെ പിറ്റേന്ന് തീറ്റ തേടി വന്നപ്പോൾ കാക്കയുടെ കൂട്ടുകാരിയായ മീനു പൂമ്പാറ്റയുണ്ട് കൂടിന് ചുറ്റും പാറി നടക്കുന്നു.അപ്പോൾ കാക്ക ചോദിച്ചു " ഇത്ര ഉയരത്തിൽ പറക്കാൻ കഴിയുമോ?"മീനു പൂമ്പാറ്റ പറഞ്ഞു "അതെ എനിക്ക് ഇത്ര ഉയരത്തിൽ പറക്കാൻ കഴിയും.ഞാൻ നിൻറെ കുഞ്ഞിനെ കാണാൻ വന്നതാണ്."അപ്പോ കാക്കക്ക് സന്തോഷമായി.


റയാൻ മുഹമ്മദ്


Fidha-p
10-F


Siniya Banu p.k 6:B


Roll no 11 Anikha.K 7.A
stop
stop



Siniya Banu p.k 6:B



Jisla. m.k
10 : G





Fathima Shifa pk
7 G
CITY MALL
HOTEL
BUS STOP
SCHOOL BUS
RESTOREN
G V H S S
NELLIKUTH


Roll no 11 Anikha·K 7A
stop
stop


Fidha-P
10-F



